**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4137** | | | **20.03.2018-ൽ മറുപടിയ്ക്ക്** |
|---|---|---|---|
| | **റോ-റോ ജങ്കാർ സർവ്വീസ്** | | |
| | **ചോദ്യം** | | **ഉത്തരം** |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | കൊച്ചി നഗരസഭ നടപ്പാക്കുന്ന റോ-റോ ജങ്കാർ സർവീസ് ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | ഫോർട്ട്കൊച്ചി ജെട്ടിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിലെ കാലതാമസവും മറ്റ് സാങ്കേതിക തടസ്സങ്ങളും മൂലമാണ് റോ-റോ ജങ്കാർ സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. |
| (ബി) | ഇതിന്റെ നടത്തിപ്പിനായി എസ്.പി.വി. രൂപീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (ബി) & (സി) | കൊച്ചി കോർപ്പറേഷൻ കൗൺസിൽ അംഗീകാരത്തോടെ എസ്.പി.വി രൂപീകരണത്തിനായി സർക്കാർ അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നു. എസ്.പി.വി രൂപികരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതിനായി സർക്കാർ ആവശ്യപ്പെട്ട വിശദാംശങ്ങൾ കൊച്ചി കോർപ്പറേഷൻ ലഭ്യമാക്കിയിട്ടില്ല.. |
| (സി) | എസ്.പി.വി രൂപീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | | |
| (ഡി) | വൈപ്പിൻ-ഫോർട്ടുകൊച്ചി റോ-റോ ജെട്ടി നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ? | (ഡി) | വൈപ്പിൻ ഭാഗത്തെ ജെട്ടി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഫോർട്ടുകൊച്ചി ജെട്ടിയുടെ നിർമ്മാണം 31/03/2018 നകം പൂർത്തിയാക്കുമെന്നും കൊച്ചിൻ പോർട്ട് ട്രസ്റ്റ് അധികൃതർ ഉറപ്പ് നൽകിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ